



*Little kites e-magazine.....*



# N.S.S. G.H.S. Pandalam

# ആചാര്യാനുസ്മരണം



# സന്ദേശം

പന്തളം എൻ.എസ്സ്.എസ്സ്.ഗേൾസ് ഹൈ സ്കൂളിൽ പരിവർത്തനത്തിന്റെ പാതയിൽ ശംഖൊലി മുഴക്കിക്കൊണ്ട് വൈഖരി ഡിജിറ്റൽ മാസികയുടെ നാദം അനുസ്യൂതം മുഴങ്ങട്ടെ. ഇതിൽ പങ്കാളികളായ എല്ലാവർക്കും ആശംസ അറിയിക്കുന്നു.........

–സ്കൂൾ ഹെഡ് മിസ്ട്രസ്സ്

പി.എസ്സ്. ഗീതാകുമാരി



# എഡിറ്റോറിയൽ

***വൈഖരി*** ശ്രീനാദം തുളുമ്പുന്ന
പുല്ലാങ്കുഴലും ശുഭപ്രതീക്ഷ തൻ ശംഖൊലിയും വിളിച്ചറിയിക്കുന്നു.
ശംഖൊലി കാതിൽ പകരുന്ന മധുരിമപോലെ ഞങ്ങളുടെ ***വൈഖരി***
മനസ്സുകളിൽ കുളിർമ്മ പകരുമെന്ന് വിശ്വസിക്കുന്നു. അറിവിന്റെ
മഹാസാഗരത്തിൻ പടവിൽ അത്ഭുതം പേറുന്ന മിഴികളുമായി
നിൽക്കുന്ന ഞങ്ങൾ വിനയപുരസരം ഈ ഡിജിറ്റൽ മാഗസീൻ
സമർപ്പിക്കട്ടെ.......

ഈ ഡിജിറ്റൽ മാഗസീൻ യാഥാർത്ഥ്യമാക്കിയ എൻ.എസ്സ്.എസ്സ്.
ഗേൾസിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, ഞങ്ങൾക്ക്
മാർഗനിർദേശങ്ങൾ നൽകിയ പ്രിയ ടീച്ചറിനും, മായ ടീച്ചർക്കും നന്ദി !

***ആദിത്യ ഗോപാൽ***

*ചീഫ് എഡിറ്റർ*



*വൈഖരി*

**ഉള്ളടക്കം**

കാലം.....8
സാഹിത്യ സുൽത്താനെ ഓർക്കുമ്പോൾ.....10
മാന്ത്രിക ബഷീർ.....13
ആറന്മുള കണ്ണാടി.....14
എന്റെ സുന്ദര ഭൂമി.....17
അമ്മയെ തേടി.....19
ആഭരണം.....21
എന്റെ ഗ്രാമം.....22
ഓണം.....23
കുട്ടനും പട്ടവും.....24
കൈരളിയുടെ കഥ.....25
നറുമൊഴി.....27
നിലാവ് .....29
പൊൻപ്രഭാതം.....30
പൊരുളറിയില്ല.....32
മലാല എന്ന മാലാഖ.....33
മഴവില്ല്.....36
മാതൃമലയാള സമത്വം.....37
വെളിച്ചം.....39
ഓണത്തിന്റെ ഒരുക്കങ്ങൾ.....42
അത്യാഗ്രഹിയായ പക്ഷി.....43
ജീവിതം.....45
നിലാപ്രഭ.....46

## വൈഖരി


മലയാളഭാഷ....................................................................................47

ശലഭഗീതം....................................................................................48

സല്ലാപം....................................................................................49

Failure is the stepping stone to success....................................................................................51

I am not alone....................................................................................52

Angels that I could see....................................................................................54

My dream for a pet cat....................................................................................56

Song of a rain....................................................................................58

For a drop of love....................................................................................60

My teacher....................................................................................63

Daddy's little girl....................................................................................64

Snow ball....................................................................................65

My mother....................................................................................66

My beautiful world....................................................................................67

The rainbow....................................................................................68

Jack and the angel....................................................................................69

A true friend....................................................................................72

Books....................................................................................74

Reality of life....................................................................................75

For my friend....................................................................................76

# വിദ്യാർത്ഥി പ്രതിനിധികൾ

ചീഫ് എഡിറ്റർ : ആദിത്യ ഗോപാൽ

ആർട്ട് എഡിറ്റേഴ്സ് : അസ്ന ഫാത്തിമ

ലെന ടി ഷിബു

അഞ്ജലി ആർ

എഡിറ്റേഴ്സ് : ആഷിന അഷ്റഫ്

അന്ന റെയ്ച്ചൽ

ആസിയ മർജാന

അദ്ധ്യാപക പ്രതിനിധികൾ : പ്രിയ ആർ

മായ സി ശേഖർ

# കാലം



കരളിന്റെ മഷിക്കുട്ടിൽ ചാലിച്ച
നറുമലരിൻ ഇതളുകൾ ഓരോന്നായി
അടർത്തുമ്പോൾ.....
സ്മൃതിപഥത്തിൻ ഒട്ടൊക്കെ തങ്ങി–
നിൽക്കുന്ന നെരിപ്പോടകൾ നീറ്റലായി
കനലായി അടിഞ്ഞുകിടക്കെ
കാലത്തിൻ യവനികയിൽ
വിടർന്നുലയുന്ന വെറും
നിഴലുകളായ് ജീവിതം മാറുമ്പോൾ
ജീവിതം അനന്തം അജ്ഞാതമാം
രഹസ്യം എന്നാശ്വസിപ്പൂ നാം
ആകാശകോട്ടയ്ക്കുള്ളിൽ കാലത്തെ ഒളിപ്പിച്ച
നമ്മെ നോക്കി പുഞ്ചിരി തൂകുന്ന കാലമേ......
ജീവിതത്തിൻ നറുമലരുകൾ
ജീവിതോദ്യാനത്തിൽ
സൗരഭ്യം പടർത്തും നേരം

എന്തിനോ ഏതിനോ യന്ത്രക്കുതിപ്പായ്


ചുറ്റിത്തിരിയും കാലം.

**– ബി. രശ്മി**

**എച്ച് എസ്സ് എ മലയാളം**



# സാഹിത്യ സുൽത്താനെ ഓർമിക്കുമ്പോൾ........



മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം:19 ജനുവരി 1908 തലയോപ്പറമ്പ്, വൈക്കം – മരണം: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്). 1982–ൽ ഇന്ത്യാ ഗവൺമെന്റ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാളസാഹിത്യത്തിൽ ഏറ്റവും അധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു. ജനകീയനായ എഴുത്തുകാരനായിരുന്നു ബഷീർ.

1908 ജനുവരി 21 ന് തിരുവിതാംകൂറിലെ ( ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട)തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാതമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലെ വൈക്കം ഇംഗ്ലീഷ് സ്കൂളിലും.

രസകരവും സാഹസികവുമായിരുന്നു ബഷീറിന്റെ ജീവിതം. സ്കൂൾ പഠന കാലത്ത്(5–ാം ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ

ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്ത് ചെന്നു കാളവണ്ടി കയറി കോഴക്കോടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തു ചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽകാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930–ൽ കോഴിക്കോട് ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രവാത സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തുലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീടു കണ്ടുകെട്ടി. തുടർന്നു കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും, സൂഫിമാരുടെയും കൂടെ ജീവിച്ചു. പാചകക്കാരനായും, മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം. ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു. മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും – തീവ്ര ദാരിദ്ര്യവും, മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ

സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വാതന്ത്ര്യമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാളസാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റുന്നതിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

**-ആദിത്യ ഗോപാൽ**



















# മാന്ത്രിക ബഷീർ




















എൻ.എസ്സ്.എസ്സ്
ജി.എച്ച്.എസ്സ്.
പന്തളം

# ആറന്മുള കണ്ണാടി



കിഴക്ക് ഉയർന്നു നിൽക്കുന്ന സഹ്യപർവ്വതസാനുക്കളും പടിഞ്ഞാറ് കടൽക്കാറ്റിൽ ആടിയുലയുന്ന കേരവൃക്ഷങ്ങളും പഞ്ചാരമണൽത്തിട്ടയിൽ പാദസര കിലുക്കങ്ങൾ സമ്മാനിക്കുന്ന മന്ദമാരുതനും ഈ നാടിനെ വ്യത്യസ്തനാക്കുന്നു. മകര പുലരിയിലെ സ്വർണവെയിലും ആഷാഢസന്ധ്യയിലെ കാർമുകിൽ നിഴലും കേരളത്തിന് ഹൃദ്യത പകരുന്നു.

തെക്കൻ കേരളത്തിന് എന്നെന്നും മുതൽക്കൂട്ടായ പത്തനംതിട്ടയുടെ മണ്ണിന്റെ മണമുള്ള ആറന്മുള കണ്ണാടി കേരള സംസ്കാരത്തിന്റെ തിലകക്കുറിയാണ്. ഒരു നാടിന്റെ കണ്ണാടിയാണ് കലകൾ എന്ന തത്വത്തെ പൂർണ്ണമായി ഉൾക്കൊള്ളുമ്പോൾ പത്തനംതിട്ടയുടെ കലയാണ് ആറന്മുള കണ്ണാടി എന്ന് നമുക്ക് നിസ്സംശയം പറയാം. കലകളുടെ വിളനിലമായ കേരളത്തിന്റെ പേര് ലോകത്തിനു മുമ്പിൽ പ്രതിഫലിപ്പിക്കുന്ന ഒന്നായി ആറന്മുള കണ്ണാടി നിലകൊള്ളുന്നു.

നാല് ശതാബ്ദം പഴക്കമുള്ള കരകൗശല വൈദഗ്ദ്ധ്യത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ലോഹനിർമ്മിതമായ ആറന്മുള കണ്ണാടി. ആറന്മുള

കണ്ണാടിയെ മറ്റു കണ്ണാടികളിൽ നിന്ന് വ്യത്യസ്തമാക്കുന്നത് അതിന്റെ നിർമ്മാണ പ്രക്രിയ തന്നെ. നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ പ്രചുരപ്രചാരം നേടിയിട്ടുള്ളതും പശ്ചിമ ഭാരതത്തിൽ നിലനിന്നിരുന്നതുമായ ലോഹ കണ്ണാടിയ്ക്ക് ആറന്മുള കണ്ണാടിയുമായി സാദൃശ്യമുള്ളതായി കാണുന്നു. ദേവലോകത്തെ അപ്സരസ്സുകളുടെ സുഖഭോഗ വസ്തുക്കളിൽ പ്രഥമസ്ഥാനം വഹിച്ചിരുന്ന ലോഹക്കണ്ണാടികൾ ആദ്യമായി എത്തിച്ചേർന്നത് ദക്ഷിണഭാരതത്തിലാണ്. ഇന്ന് ലോകത്ത് ഈ ലോഹക്കണ്ണാടിയുടെ നിർമ്മാണം നിലനിൽക്കുന്നത് പ്രകൃതി സുന്ദരമായ പത്തനംതിട്ടയുടെ പൈതൃക ഗ്രാമമായ ആറന്മുളയിൽ. ആറന്മുള കൊട്ടാരത്തിലെ സേവനങ്ങൾക്കായി എത്തിച്ചേർന്ന വിശ്വകർമ്മ കുടുംബങ്ങൾ മഹാരാജാവിനെ പ്രീതിപ്പെടുത്തുവാനായി കിരീടം നിർമ്മിക്കുന്നതിനിടയിൽ കണ്ടുപിടിച്ച അതിശയകരമായ ലോഹക്കൂട്ട് ഇന്ന് ആറന്മുള കണ്ണാടിയുടെ നിർമ്മാണത്തിനുള്ള കാരണമായി തീർന്നു. അപ്രകാരം നിർമ്മിച്ച ഈ അത്ഭുതകരമായ ദർപ്പണം രാജാവിന്റെ നിർദ്ദേശാനുസരണം തിരുവിതാംകൂർ മഹാരാജാവിന് ഉപഹാരമായി സമർപ്പിക്കുകയും ചെയ്തു. പൂജാദികർമ്മങ്ങളിലും , അഷ്ടമംഗല്യത്തിനും ആറന്മുള കണ്ണാടി ഉപയോഗിച്ചുവരുന്നു.

മറ്റ കണ്ണാടികളിൽ നിന്ന് വ്യത്യസ്തമായി മുൻ പ്രതലത്തിൽ പ്രതിഫലന ശേഷിയുള്ള കണ്ണാടിയാണിത്. അതിന്റെ ഒരു വശം ഉരച്ചുമിനുക്കിയെടുത്താണ് ദർപ്പണ സ്വഭാവം ഉണ്ടാക്കുന്നത്. കേരളത്തിന്റെ പൈതൃക ബിംബങ്ങളിൽ ഒന്നായ് ഇതിനെ കണക്കാക്കുന്നു.

കേരളസംസ്കാരത്തിന്റെ ചരിത്ര ഏടുകളിൽ സ്ഥാനം പിടിച്ച ഒരു വസ്തുവെന്നതിലുപരി നമ്മുടെ സംസ്കാര പ്രദർശനങ്ങളിൽ മാറ്റിവെയ്ക്കാനാകാത്ത ഒരു ഘടകമായി ആറന്മുള കണ്ണാടി മാറിയിരിക്കുന്നു. തെക്കൻ കേരളത്തിന്റെ കാവുകളും നീർത്തടങ്ങളും കുന്നുകളും സമ്മാനിക്കുന്ന മുഖശ്രീ തന്നെ നിരവധി കരകൗശലങ്ങൾക്ക് ജന്മം നൽകാൻ പോരുന്നവയാണ്. ഇപ്രകാരം പ്രസിധമായ ആറന്മുള കണ്ണാടിയെ ഐശ്വര്യത്തിന്റെ പ്രതീകമായി മലയാളികൾ കണക്കാക്കുന്നു. കേരലത്തിന്റെ കീർത്തി മറു നാട്ടിലും എത്തിച്ച ഈ കരവിരുത് കേരളത്തിന്റെ നാമം എക്കാലത്തും ഉയർത്തിക്കാട്ടുമെന്ന് തീർച്ച.....

–ആഷിന അഷ്റഫ്



# എന്റെ സുന്ദരഭൂമി



പച്ചപ്പട്ടു പുടവചാർത്തി
നൃത്തമാടും നെൽച്ചെടിയും
ശാന്തസുന്ദരപെൺകൊടിപോൽ
കളകളമൊഴുകും പുഴകളും
സ്നേഹസമൃദ്ധിയുൾകൊള്ളുമീ–
ഭൂമിദേവിയെ പ്രണമിക്കുവിൻ
കേരവൃക്ഷങ്ങൾ ഒത്തുനിൽക്കും
സ്വപ്നദളങ്ങളാം എന്റെ ഭൂമി
പൊൻകിരണം വിതറി ഉയർന്നുവന്ന
സൂര്യദേവനെ കണ്ടുകൊൾവിൻ
പൂത്തുനിൽക്കും പുഷ്പങ്ങളെ
തനി ശിരസ്സിൽ താങ്ങും തെറ്റിയതും.

എൻ.എസ്സ്.എസ്സ്
ജി.എച്ച്.എസ്സ്.
പന്തളം

## – അസ്ന ഫാത്തിമ



# അമ്മയെ തേടി



തീരാത്ത കണ്ണീർ കയത്തിലേക്ക്
എന്നെ താഴ്ത്തിയിട്ട്
എങ്ങു പോയി ഒളിച്ചമ്മ
ഇനി ഞാൻ അമ്മേ എന്നാരേ വിളിക്കും ?
അമ്മ തൻ തലോടൽ എന്നെവിടുന്നു കിട്ടും ?
കാര്യങ്ങൾ പറയാൻ എൻ അമ്മ എവിടെ ?
സാന്ത്വനമേകാൻ എൻ അമ്മ എവിടെ ?
രാത്രിയിൽ കൂട്ടിനായി ചൂടേകാൻ ആരിനി ?
ദുഃസ്വപ്നം കണ്ടു ഞാൻ പേടിച്ചിടുമ്പോൾ
മാറത്തെടുത്തെന്റെ പേടി മാറ്റിടുവാൻ
നിൻ കൂടെ ഞാനില്ലേ ഉണ്ണീ എന്നു ചൊല്ലുവാൻ
ആരുണ്ട് എനിക്കിനി ?
താങ്ങായ്, കുളിരായ് ചാരത്തണയുവാൻ
സ്നേഹത്തുവലായ് താരിളം തെന്നലായ്
എന്നെ പൊതിഞ്ഞമ്മ എവിടെ ?
കണ്ടില്ല ഞാനിവിടെ

എൻ.എസ്സ്.എസ്സ്
ജി.എച്ച്.എസ്സ്.
പന്തളം

തിരഞ്ഞു നടക്കുന്നു ഇപ്പോഴും എൻ മനം

കിട്ടാക്കനിയായി തീർന്നുവോ എന്നമ്മ ?

–അമീന ഷാജഹാൻ



# ആഭരണം



മറ്റുള്ളവരെ സ്നേഹിക്കുകയും പരിഹസിക്കുകയും തിരുത്തുകയും ചെയ്തിരുന്ന രസികനായിരുന്നു മുട്ടസ്സനമ്പൂതിരി. ഒരു ദിവസം അദ്ദേഹം ആറാട്ട്പുഴ പൂരം കാണാൻ പോയി. പൂരത്തിന് വരുന്നവരെല്ലാം ശരീരത്തിൽ പരമാവധി ആഭരണങ്ങളണിഞ്ഞാണ് എത്താറുള്ളത്. കൈയ്യിലില്ലാത്തവർ കടം വാങ്ങി അണിയും . ഇതായിരുന്നുപതിവ് മുട്ടസ്സനമ്പൂതിരി ഒരു പെട്ടിയും തലയിലേറ്റി പൂര സ്ഥലത്ത് ആൽ തറയിൽ കയറി നിൽപ്പായി. തന്റെ തറവാട്ടുവക സ്വത്തിന്റെയെല്ലാം ആധാരമാണ് ആ പെട്ടിയിലുണ്ടായിരുന്നത്. ആളുകൾക്ക് അത്ഭുതമായി. എന്താ തിരുമേനി പെട്ടിയേറ്റി നിൽക്കുന്നത്? അവർ അന്വേഷിച്ചു. ഓ ഇതെന്റെ ആധാരപെട്ടിയാണ് . ഇത് തുറന്ന് നോക്കിയാൽ എന്റെ വിട്ടിൽ എത്രസ്വത്തുണ്ടെന്ന് മനസ്സിലാകും. അതിന് ഞങ്ങളാരും ഞങ്ങളുടെ സ്വത്ത് വെളിപ്പെടുത്തുന്നില്ലല്ലോ? ആളുകൾ പറഞ്ഞു. ഇല്ലേ, നിങ്ങളുടെ ശരീരത്തിലുള്ള ആഭരണങ്ങൾ നോക്കിയാൽ അറിയാമല്ലോ അത്. ഞാനങ്ങനെ ആഭരണങ്ങൾ അണിഞ്ഞിട്ടില്ലല്ലോ.
അത് കോണ്ടാണ് ആധാരപെട്ടിയേറ്റിയത്.

– ഷജന.എസ്സ്



എൻ.എസ്സ്.എസ്സ്
ജി.എച്ച്.എസ്സ്.
പന്തളം

# എന്റെ ഗ്രാമം



എത്ര സുന്ദരമെന്റെ ഈ ഗ്രാമം
വൃക്ഷലതാതികൾ തിങ്ങിപ്പാർക്കും
മനോഹരമാണെന്റെ ഈ ഗ്രാമം
വാക്കുകളാലവർണ്യമാമിത്
കിളികൾ തൻ പാട്ടിന്റെ ഈണങ്ങളും
പൂക്കൾ തൻ നിറങ്ങളും സുഗന്ധങ്ങളും
പ്രകൃതിയിൽ കണ്ടിടും ഓരോ
ജീവന്റെ തുടിപ്പിലും
ഈശ്വരന്റെ ചൈതന്യം വാണീടുന്നു
എത്ര സുന്ദരമെന്റെ ഗ്രാമം
ഉത്സവങ്ങൾ കൊണ്ടാടും
ജാതിയും മതഭേതവുമന്യേ കൊണ്ടാടുന്നു
മനോഹരമാണെന്റെ ഈ ഗ്രാമം
വാക്കുകളാലവർണ്യമാം.

–അയ്ഷാമോൾ



# ഓണം



ഓണം വന്നേ ഓണം വന്നേ!

ചന്തത്തിൽ മുറ്റം ചെത്തിപ്പറിച്ചില്ല
എന്തെന്റെ മാവേലി ഓണം വന്നൂ
ചന്തയ്ക്ക് പോയില്ല നേന്ത്രക്കാ വാങ്ങില്ല
എന്തെന്റെ മാവേലി ഓണം വന്നൂ
പന്തു കളിച്ചീലാ പന്തലുമിട്ടീലാ
എന്തെന്റെ മാവേലീ ഓണം വന്നൂ
അമ്മാവൻ വന്നീലാ സമ്മാനം തന്നീലാ
എന്തെന്റെ മാവേലീ ഓണം വന്നൂ
അച്ഛനും വന്നീലാ ആടകൾ തന്നീലാ
എന്റെ മാവേലീ ഓണം വന്നൂ
ഓണം വന്നേ ഓണം വന്നേ!

– നിമിഷ അരുൺ





# കുട്ടനും പട്ടവും

കുട്ടൻ പതിവുപോലെ തന്റെ പട്ടവുമായി കളിക്കാനിറങ്ങി. ആകാശത്ത് പട്ടത്തിന് ഒരു മോഹം. ദൂരെ പറക്കുന്ന തുമ്പികളേയും കിളികളേയും പോലെ പറന്നു നടക്കണം. നൂലിന്റെ ബന്ധനം അവനു മടുത്തു. അടുത്തു വന്ന തുമ്പിയോട് പട്ടം തന്റെ സങ്കടംപറഞ്ഞു. തുമ്പി അവനെ ഉപദേശിച്ചു. നൂല് ഇല്ലാതെ പറന്നാൽ നീ അപകടത്തിലാവും. പട്ടം പിൻമാറിയില്ല. ആ വഴി വന്ന കിളിയോട് തന്നെ സ്വതന്ത്രനാക്കാൻ പട്ടം കരഞ്ഞു പറഞ്ഞു. കിളി ഉടൻതന്നെ തന്റെ ചുണ്ടുകൾ കൊണ്ട് നൂല് പൊട്ടിച്ചു കളഞ്ഞു. പട്ടം പറന്നുയർന്നു. പക്ഷേ പെട്ടെന്ന് പട്ടം അടുത്തുനിന്ന മരത്തിൽ കുടുങ്ങി. പട്ടം ആകെ കീറിപ്പറിഞ്ഞു.

–ആതിര ആനന്ദ്



എൻ.എസ്സ്.എസ്സ്
ജി.എച്ച്.എസ്സ്.
പന്തളം



# കൈരളിയുടെ കഥ

മലയാള സാഹിത്യത്തിലെ അതുല്യപ്രതിഭയായ ശ്രീ. എൻ. കൃഷ്ണപിള്ളയുടെ പ്രശസ്തമായ കൃതിയാണ് കൈരളിയുടെ കഥ. ഇതിൽ മലയാള ഭാഷാചരിത്രം വിശദീകരിക്കുന്നു. ഇത്തരം ഗ്രന്ഥങ്ങൾ പലതുണ്ടായിട്ടുണ്ടെങ്കിലും കൈരളിയുടെ കഥ അതിന്റെ സമഗ്രതകൊണ്ടും സുവ്യക്തത കൊണ്ടും ഒന്നാമതാണ്. ഇരുപത്തു നൂറ്റാണ്ടുകളായി പരന്നുകിടക്കുന്ന മലയാളസാഹിത്യത്തിലെ വ്യക്തികൾ,

പ്രസ്ഥാനങ്ങൾ, കൃതികൾ, പരിണാമപരമ്പരകൾ എന്നിങ്ങനെ സങ്കീർണമായ ഒരു ബഹുസ്വരതയെ ക്രമമായും ചിട്ടയായുമടുക്കി രേഖപ്പെടുത്തിയിരിക്കുന്ന ഈ അമൂല്യഗ്രന്ഥം വളരെ മികച്ചതാണ്. മലയാള ഭാഷയുടേയും സാഹിത്യത്തിന്റെയും ഇന്നുവരെയുള്ള വളർച്ചയെക്കുറിച്ച് ഒരു ഏകദേശജ്ഞാനം അധികം ക്ലേശമില്ലാതെ ലഭിക്കണമെന്നാഗ്രഹമുള്ളവർക്ക് ഈ കൃതി പ്രയോജനകരമാണ്. അതിനാൽ ഈ കൃതിയെ

**മലയാളത്തിന്റെ വിശുദ്ധ വേദപുസ്തകം എന്നു വിശേഷിപ്പിക്കാവുന്നതാണ്.**

–ദേവിക രവീന്ദ്രൻ



# നറുമൊഴി

നന്മൊഴി നറുമൊഴി മലയാളം
നമ്മുടെ തായ്മൊഴി മലയാളം
കേരളനാട്ടിലെ മാളോരുടെ മൊഴി
കേളിയേകും പ്രിയമലയാളം !

ആ മൊഴിതൻ ഈണം കിളിപാട്ടുന്നു
ആ മൊഴിതൻ പൂവുണരുന്നു
പുലരിയിൽ "തുയിലുണര്ത്ത്"!പാടി
തുടികൊട്ടും മൊഴി മലയാളം!

ആ മൊഴിയമ്മിഞ്ഞപ്പാലോടൊപ്പം
നാം നുകരും മൊഴി മലയാളം
അറിവിന്നരിയ വെളിച്ചം കരളിൽ
ചൊരിയും തിരുമൊഴി മലയാളം !

ആ മൊഴിയുള്ളിലെൻ
പൂമഴയുതിരും സ്നേഹമൊഴി
കവി ഭാവനയും സമഭാവനയും
കതിരുതിരും മൊഴി മലയാളം !
നന്മൊഴി നറുമൊഴി മലയാളം !

നമ്മുടെ തായ്മൊഴി മലയാളം !
നേരുചെയ്യാൻ , കിനാവുകാണാൻ
നേർമൊഴി നമുക്കു മലയാളം !

–ആയിഷ അനസ്



# നിലാവ്



നിലാവുദിക്കും ആ രാത്രിയിൽ  മിന്നുംവെളിച്ചത്തിൻ
ഞാൻ ആസ്വദിക്കുകയാണെൻ സുരഭില നിമിഷങ്ങൾ
സന്ധ്യാപുഷ്പം അസ്തമിക്കുകയാൽ  പുലരി പോൽ സുന്ദര-
മാണീ  നിലാവിൻ ഗന്ധം
മൊട്ടുകൾവിതുമ്പിക്കാത്ത്  നിൽക്കുമാ പുലരിയെ
അറിയുമീ നിലാവിൻ കാമ്പുകൾ
അച്ഛനമ്മമാരായി  തുളമ്പി നിൽക്കുമീ നിലാവ്
വെളിച്ചം പകരുന്നു

വിശ്വ ദീപമാം നിലാവിൻകുളിരിൽ ഞാനലിയുകയായി
കൂട്ടുകാരെ പോൽ നിലാവവും നക്ഷത്രങ്ങൾ  മിന്നിടും
ആകാശത്തിൽ
കൂട്ടുകാരെ പോൽ ഗാനങ്ങൾ ചിണുങ്ങിടവെ
എത്ര  സുന്ദരമാണീ  നിമിഷങ്ങൾ  നിലാവിൻ
നിമിഷങ്ങൾ

– ലെന ടി ഷിബു





# പൊൻപ്രഭാതം

വാതിലിൽ തട്ടി എൻ കൺകളിൽ കൂടി
മെല്ലെയാ പൊൻവെളിച്ചം
കണ്ണുകൾ മെല്ലെ തുറന്നു ഞാൻ
കിഴക്കേ മുറ്റത്തെ മരത്തണലിലെത്തി
ഒരു കുമ്പിൾ വെള്ളം കൊണ്ടെൻ
കൺകളെ കുതിർത്തിട്ടു നേരെനോക്കവെ,
മൂടൽ മഞ്ഞിൽ പൊൻ കിരണങ്ങളാൽ
എൻ കൺകളെ കുളിരണിയിക്കും
പച്ചപ്പട്ടു പരവതാനിയിൽ
സ്വർണ്ണപുഷ്പങ്ങൾ വിതറിയപോൽ
ആ സൂര്യകിരണങ്ങൾ, ഇടയ്ക്കിടെ
മിന്നിത്തിളങ്ങും മിന്നാമിന്നിപോൽ !
വേറൊന്നുമെൻ കൺകളിൽ കണ്ടില്ല

എൻ.എസ്സ്.എസ്സ്
ജി.എച്ച്.എസ്സ്.
പന്തളം

*വൈഖരി*

വേറൊന്നുമെൻ കാതുകൾ കേട്ടില്ല

ഒന്നുമറിയാതെ നിന്നുപോയി

ആ ശോഭയിലലിഞ്ഞുപോയി !

ചിത്രങ്ങൾ തീർക്കുവാൻ ഇന്നെൻ കരങ്ങൾക്ക്

പ്രാപ്തിയുണ്ടായിരുന്നെങ്കിൽ,

ആ സുന്ദര നിമിഷത്തിൽ

ഒരായിരം ചിത്രങ്ങൾ, ഞൊടിയിടയിൽ

എൻ കരങ്ങൾ വരച്ചുതീർത്തേനെ

–ആഷ്ന സുബി



# പൊരുളറിയില്ല




ആലപ്പുഴയൊരു പുഴയല്ലേ ?
പാലക്കാടൊരു കാടല്ലേ ?
എറണാകുളമൊരു കുളമല്ലേ
പൊരുളറിയാൻ കഴിയുന്നില്ലമ്മേ !
ഏട്ടനോടും ഞാൻ ചോദിച്ചു
ഏട്ടത്തിയോടും ചോദിച്ചു
പാൽക്കാരിയോടും ചോദിച്ചു
പോക്കരോടും ഞാൻ ചോദിച്ചു
പട്ടണമെന്നു പറഞ്ഞെന്നെ
പ്പറ്റിക്കയാണേറെപ്പേരും
വാക്കിലെ ഗുട്ടൻസറിയാത്തവരുടെ
വാക്കെങ്ങനെ ഞാൻ ശരിവയ്ക്കും ?

– അമൃത പി ആചാര്യ



# 'മലാല എന്ന മാലാഖ'



അറിവ് എന്ന പരന്നു കിടക്കുന്ന ആകാശത്തെ ഒരു കൊച്ചു കുട്ടിയുടെ കൗതുകം എന്നതുപോലെ നോക്കി നിന്ന സ്ത്രീ രത്നമാണ് മലാല. സ്വാത് എന്ന മനോഹരമായ താഴ്വരയിലെ കൊച്ചു സുന്ദരി. മലാല എന്ന വാക്കിന്റെ അർത്ഥം ദുഃഖിത എന്നാണ്. ഇന്നും പലർക്കും ഈ ധീരവനിതയെ അറിയില്ല എന്നത് ഒരു വേദനിപ്പിക്കുന്ന സത്യമാണ്.

ഒരിക്കൽ ഖുശാൽ സ്കൂൾ വാനിൽ ചോരതുപ്പുന്ന തോക്കുമായി ചില താലിബാൻ ഭീകരർ ബലമായി കയറി. അന്ന് ആ സ്കൂൾ വാനിന്റെ ഭിത്തിയിൽ ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത കേട്ടിട്ടില്ലാത്ത ഒരു തരം ഭയാനകമായ ശബ്ദം അവർ അറിഞ്ഞു. ആ തോക്കുകൾ ചൂണ്ടിയത് ആ കൊച്ചു മാലാഖയുടെ നേരെയാണ്. അന്ന് അവർ ആദ്യമായും അവസാനായും ആ മനുഷ്യമൃഗങ്ങളുടെ മുന്നിൽ വീണു. ഒരു ഉയർത്തെഴുന്നേൽപ്പിനുള്ള വീഴ്ചയാണ് എന്ന് അവൾ പോലും കരുതിയില്ല.

എൻ.എസ്സ്.എസ്സ്
ജി.എച്ച്.എസ്സ്.
പന്തളം

വിദ്യാഭ്യാസം എന്നാൽ ഒരു കുട്ടിയുടെ സമ്പൂർണ്ണ വിജയമാണ്. അറിവ് എന്ന അമൃത് രുചിച്ചു നോക്കാൻ ഭാഗ്യം കിട്ടിയ നമ്മളിൽ ഭൂരിഭാഗം പേരും അതിന്റെ മഹത്വം അറിയുന്നില്ല എന്നതാണ് സത്യം. എന്നാൽ യുവതലമുറ അറിയേണ്ടത് എന്തെന്നാൽ നമുക്ക് കിട്ടിയ ഏറ്റവും വലിയ സമ്മാനമായ അച്ഛനമ്മമാർ കഴിഞ്ഞാൽ ഏറ്റവും വലിയ സമ്മാനം അറിവ് നേടാനുള്ള വഴി നമ്മുടെ മുന്നിൽ തുറന്നു കിടക്കുന്നു എന്നതാണ്. ലോകത്തിന്റെ പല കോണിലും ഇന്നും അറിവ് നേടാനുള്ള ദാഹവുമായി പല കുഞ്ഞുങ്ങളും അക്ഷമരായി കാത്തിരിക്കുകയാണ്. വിദ്യാലയം എന്നത് ആരാധനാലയവും നാം പൂജിക്കേണ്ട ബിംബങ്ങൾ അദ്ധ്യാപകരുമാണ്.

ഇങ്ങനെയുള്ള സത്യങ്ങൾ തിരിച്ചറിഞ്ഞ വളരെ ചെറിയ പ്രായത്തിൽ തന്നെ വിദ്യാഭ്യാസത്തിനു വേണ്ടി പൊരുതാൻ ധൈര്യം കാണിച്ച മലാല പാകിസ്ഥാനിൽ ഗുൽമകായി എന്ന പേരിൽ അറിയപ്പെട്ടു. 15–ാം വയസ്സിൽ അവളുടെ ഇടതു പുരികത്തുകൂടി വെടിയുണ്ട തുലച്ചുകയറി. പിന്നീട് അവൾ വിവിധ ആശുപത്രികളിൽ ചികിത്സയിലായിരുന്നു. ഇതിനൊന്നും അവളെ തോൽപ്പിക്കാൻ കഴിയില്ലായിരുന്നു.

മലാല ഒരു മാലാഖ എന്ന് പറയാൻ കാരണം ആ കൊച്ചു സുന്ദരിക്ക് പറക്കുവാൻ ആഗ്രഹമുണ്ടായിരുന്നു.

എൻ.എസ്സ്.എസ്സ്
ജി.എച്ച്.എസ്സ്.
പന്തളം

അതുകൊണ്ട് ദൈവം അവൾക്ക് ധൈര്യവും, ആത്മവിശ്വാസവും, അറിവും കൊണ്ട് നിർമ്മിച്ച രണ്ട് തൂവൽചിറകുകൾ നല്കി. അറിവ് എന്ന ആകാശത്തിലേക്ക് പറന്ന് ഉയരാൻ എന്റെ വിദ്യാലയത്തിലെ ഓരോ വിദ്യാർത്ഥിയും ഓരോ മലാലമാരാകണം എന്നതാണ് ദൈവകൽപ്പന എന്ന് കരുതി വിദ്യാഭ്യാസത്തിനു വേണ്ടി പൊരുതി ജയിക്കണം. ആ ജയം പല ഉറങ്ങിക്കിടക്കുന്ന മരവിച്ചുപോയ മനസ്സുകൾക്ക് പ്രതീക്ഷയും, ധൈര്യവും പകർന്നുകൊടുക്കും എന്ന് നിസംശയം പറയാൻ കഴിയും.

–ഉണ്ണി മായ



# മഴവില്ല്

ഏഴു നിറങ്ങളും ഏഴു സ്വരങ്ങളും
ഉള്ളതിനാൽ ഞാൻ തിളങ്ങുന്നു
വെയിലുള്ളപ്പോൾ മഴവില്ലായും
ഏഴു നിറങ്ങൾ പുൽകി പുൽകി.

സസ്യങ്ങളിൽ പുഷ്പങ്ങളും
മഴവില്ലായ് ഞാൻ തെളിയുന്നു
പുഴകൾ പലതും താണ്ടി താണ്ടി
നിറങ്ങൾ പലതും താണ്ടി താണ്ടി.

മനമില്ലല്ലോ മണമില്ലല്ലോ
പൂവില്ലല്ലോ എൻ മാറിൽ
കറുകപ്പുല്ലിൻ നാമ്പിൻ തുമ്പിൽ
വെള്ളത്തിരിപ്പൂ മഴത്തുള്ളി.

-ലക്ഷമി നന്ദ എസ്



എൻ.എസ്സ്.എസ്സ്
ജി.എച്ച്.എസ്സ്.
പന്തളം

# മാതൃമലയാള സമത്വം



മാതൃത്വം നൽകിയ അമ്മയ്ക്ക് സമ-

മെന്തെന്ന ചോദ്യത്തിനെൻ പക്ക-
ലുണ്ടൊരു മറുപടി .....
വീശുന്നകാറ്റും പാടിപ്പോകുന്നമണിച്ചേല
ചുറ്റിയ മലയാളമെന്ന നാലക്ഷരം .

അമ്മയ്ക്ക് മുകളിലുമല്ലവൾ അവൾക്കു
താഴയുമല്ലമ്മ
ഇരുവരും വിഹായസ്സവ്വണ്ണം തല
പൊന്തിനിൽക്കുന്ന സമന്മാരല്ലയോ ....

പൊന്തിനിന്ന തലകൾ അതാ
താഴ്ന്നു ,കേഴുന്നു

അമ്മയെ തള്ളിക്കളഞ്ഞ അതേ
ക്രൂനയിൽ അത്രതന്നെ രൗദ്രത്തോടെ
അവളെയും തള്ളിക്കളഞ്ഞിരിക്കുന്നു
ഇപ്പോഴുമിരുവരും സമന്മാരല്ലയോ ...

എൻ.എസ്സ്.എസ്സ്
ജി.എച്ച്.എസ്സ്.
പന്തളം

**ഇവരുടെ നൊമ്പരം കാണുമെൻ**
**ഹൃദയത്തിൻ സ്തംഭനം കാണുകയില്ലേ**
**ആരും ? ? ? ?**

**ആരും കാണാത്തതീരങ്ങളിൽ**
**അലയടിച്ചുയർത്തുന്ന ഭീതിയിൽ**
**അലയുന്ന പ്രേതമായ് ഇരുവരും . . . .**

**കാലം ദർശിച്ച രസാനുഭൂതികൾ**
**ഇരുവരെയുമെപ്പോഴും സമന്മാരാക്കുകയല്ലോ . . . .  .**

–മറിയം ജവാഹിർ



# വെളിച്ചം

ഒരിടത്ത് ഒരു യുവാവ് ഭിക്ഷ യാചിച്ചു ജീവിക്കുകയായിരുന്നു. അയാളുടെ പേര് രാമു എന്നാണ്. പതിവുപോലെ ഒരു ദിനം യാചിക്കാനായി നിന്നപ്പോൾ രാമുവിനോട് ഒരാൾ ചോദിച്ചു, നാണമില്ലേ ഇങ്ങനെ ഭിക്ഷ യാചിക്കാൻ. അദ്ധ്വാനിച്ചു ജീവിച്ചുടെ തനിക്ക്, അതിനുള്ള ആരോഗ്യവുമുണ്ട്. പിന്നെ എന്തിനാണ് ഇങ്ങനെ യാചിക്കുന്നത്. ഈ വാക്കുകൾ രാമുവിനെ ലജ്ജിപ്പിച്ചു. അയാൾ അവിടെ നിന്നും പോയി. അടുത്ത ദിവസവും രാമു ഭിക്ഷ യാചിക്കാനായി എത്തി. ആ സമയത്തു തന്നെ തലേന്നു പറഞ്ഞ വാചകങ്ങളുമായി ആ മനുഷ്യനും വന്നെത്തി. എന്നിട്ട് എല്ലാവരോടുമായി പറഞ്ഞു, ആരും ഇയാൾക്ക് ഭിക്ഷ കൊടുക്കരുത്. ചെറുപ്പക്കാരനല്ലേ, പോയി അദ്ധ്വാനിച്ചു ജീവിക്കട്ടെ. എല്ലാവരും അതിനെ അനുകൂലിച്ചു. ആരും ഒന്നും നൽകിയില്ല. രാമുവിന് വിഷമമായി. അവൻ ആ മാന്യനായ വ്യക്തിയോടു ചോദിച്ചു, സർ, എനിക്ക് ഒരു ജോലിയും അറിയില്ല. ആരും ജോലി തരുകയുമില്ല. എന്തു ജോലിയാണ് ഞാൻ ചെയ്യേണ്ടത്. അപ്പോൾ അദ്ദേഹം പറഞ്ഞു, അത് നീ തന്നെ കണ്ടെത്തണം. നിനക്കതിനു കഴിയും. രാമു തലപുകഞ്ഞ് ആലോചിച്ചു. ഒരു വഴിയുമില്ല. ആരും ഭിക്ഷ തരികയുമില്ല. എന്തുചെയ്യും. നല്ല വിശപ്പുമുണ്ട്. അവൻ



എൻ.എസ്സ്.എസ്സ്
ജി.എച്ച്.എസ്സ്.
പന്തളം

അങ്ങനെ കുറച്ചു ദൂരം നടന്നു. അവസാനം ഒരു വലിയ പച്ചക്കറി തോട്ടത്തിൽ എത്തിച്ചേർന്നു. അവിടെനിന്നും കുറച്ച് പച്ചക്കറികൾ തരാമോ എന്ന് രാമു ജോലിക്കാരനോട് ചോദിച്ചു. അയാൾ മുതലാളിയോട് അനുവാദം വാങ്ങി കുറേ പച്ചക്കറികളും കൂട്ടത്തിൽ അവയുടെ എല്ലാ വിത്തുകളും കൊടുത്തു. രാമു അയാളോട് പറഞ്ഞു, എന്റെ കൈയ്യിൽ കാശില്ല. ഇതിന്റെ വില ഞാൻ പിന്നീടു തരാം. അവിടെ വെച്ചുതന്നെ രാമു തക്കാളിപ്പഴം കഴിച്ചു. ദിവസവും കുറേശ്ശെ പച്ചക്കറികൾ രാമു ഉപയോഗിച്ചു. അതുപോലെ തന്നെ ആ വിത്തുകൾ കിളിപ്പിച്ചു. അതിനു വേണ്ട പരിചരണവും നൽകി. ആ പച്ചക്കറിച്ചെടികൾ തഴച്ചു വളർന്നു. അതിൽ നിറയെ വെണ്ടക്കയും വഴുതനങ്ങയും പയറും വെള്ളരിയും തക്കാളിപ്പഴവും എന്നുവേണ്ട എല്ലാ പച്ചക്കറികളും ഉണ്ടായി. അങ്ങനെ ഭിക്ഷ യാചിക്കാതെതന്നെ കഴിയാനുള്ള വക അയാൾക്കു കിട്ടി. അതിൽ നിന്നും കൂടുതൽ വിത്തുകൾ മുളപ്പിച്ച് പച്ചക്കറികൾ വിൽപ്പന നടത്താനുള്ളതും ഉണ്ടാക്കി. ആ പച്ചക്കറികൾ വിറ്റുകിട്ടിയ പൈസയുമായി രാമു ആ പഴയ പച്ചക്കറിതോട്ടത്തിൽ എത്തി. അവിടത്തെ ജോലിക്കാരനോട് തന്റെ സന്തോഷം പങ്കുവെച്ചു. നന്ദിയും പറഞ്ഞു. എന്നിട്ട് തനിക്ക് മുതലാളിയെ കാണണമെന്നും പച്ചക്കറിയുടെ കാശ് കൊടുക്കണമെന്നും പറഞ്ഞു. ദാ അവിടെ പയറു പറിച്ചുകൊണ്ടു നിൽക്കുന്നയാളാണ് യജമാനൻ, പോയി കണ്ടോളൂ എന്ന് ആ ജോലിക്കാരൻ

പറഞ്ഞു. ചെന്നുനോക്കിയപ്പോഴോ; രാമു ഞെട്ടിപ്പോയി. ആരാണെന്നോ ആ പഴയ സാറ്. രാമു അദ്ദേഹത്തിന്റെ കാൽ തൊട്ടു വണങ്ങി. എന്നിട്ടു പറഞ്ഞു. അങ്ങാണ് എനിക്ക് നേർവഴി കാട്ടിത്തന്നത്. അങ്ങനെ അന്ന് ഉപദേശിച്ചില്ലായിരുന്നെങ്കിൽ, വിത്തുകൾ തന്നില്ലായിരുന്നെങ്കിൽ ഇന്ന് ഞാൻ ഒരു ഭിക്ഷക്കാരനായി ജീവിച്ചേനെ. ഇന്ന് ഞാൻ അദ്ധ്വാനത്തിന്റെ വിലയും സന്തോഷവും അനുഭവിക്കുന്നു. ഒരുപാട് നന്ദി. അന്നെനിക്കു നൽകിയ പച്ചക്കറികളുടെ വില തരാനും കൂടിയാണ് ഞാൻ വന്നത്. ഇതങ്ങ് വാങ്ങണം. അപ്പോൾ അദ്ദേഹം പറഞ്ഞു, അതിന്റെ ആവശ്യമില്ല. നീ നന്നായില്ലേ, അതുമതി, പക്ഷേ രാമു സമ്മതിച്ചില്ല. അദ്ദേഹത്തെ നിർബന്ധിച്ച് തുക ഏൽപ്പിച്ചിട്ടു പറഞ്ഞു. ഇതെന്റെ സന്തോഷമാണ്. അങ്ങേക്കുള്ള ദക്ഷിണ.

അദ്ധ്വാനത്തിന്റെ വില മനസ്സിലാക്കിത്തന്ന ആ വലിയ മനുഷ്യനെ ദൈവമായി കണ്ട് ഒരുപാട് സന്തോഷത്തോടെ അതിലേറെ അഭിമാനത്തോടെ രാമുവും കുടുംബവും സുഖമായി ജീവിച്ചു.

**ഗുണപാഠം:-അദ്ധ്വാനം വിജയത്തിലെത്തിക്കും.**

**-അന്ന റെയ്ച്ചൽ മാത്യു**



എൻ.എസ്സ്.എസ്സ്
ജി.എച്ച്.എസ്സ്.
പന്തളം

# ഓണത്തിന്റെ ഒരുക്കങ്ങൾ



ഓണപ്പുലരിയിൽ ആഘോഷിക്കാൻ
ഓണക്കോടി ഉടുത്തു ഞാൻ ,
അത്തപ്പൂക്കളമിട്ടു രസിക്കാൻ
തുമ്പപ്പൂവായി കൈനീട്ടും
ഉത്രാടത്തിൻ നിലാവ് മാറി
തിരുവോണത്തിൻ പുലരിയുമായി
കുട്ടികളെല്ലാം സന്തോഷത്താൽ
പാട്ടുകൾ പാടി രസിക്കുന്നു.
തുമ്പികളെല്ലാം പാറി നടന്നു
തുമ്പപ്പൂവിൻ മണമേൽക്കാൻ
മുല്ലപ്പൂവും, റോസാപ്പൂവും, ലില്ലിപ്പൂവും പൂത്തല്ലോ
പ്രകൃതിയുമാകെ  വർണ്ണമുടുത്തു
മാവേലി മന്നനെ വരവേൽക്കാൻ.

**–ആദിത്യ ഗോപാൽ**



എൻ.എസ്സ്.എസ്സ്
ജി.എച്ച്.എസ്സ്.
പന്തളം

# അത്യാഗ്രഹിയായ പക്ഷി



ഒരു കാട്ടിൽ ഒരു കൂട്ടം പക്ഷികൾ ഉണ്ടായിരുന്നു. ആ പക്ഷികൾക്ക് ഒരു നേതാവും ഉണ്ടായിരുന്നു. എല്ലാവർക്കും കഴിക്കാൻ ഇഷ്ടം പോലെ ധാന്യങ്ങളും. അങ്ങനെയിരിക്കെ ഭക്ഷണത്തിനു ക്ഷാമം വന്നു. എല്ലാവർക്കും ധാന്യം കിട്ടുന്ന സ്ഥലം നോക്കി ഓരോ പക്ഷിയും പോകാൻ നേതാവു പറഞ്ഞു. അങ്ങനെ ഓരോ പക്ഷിയും പല വഴിക്കിപോയി. അതിൽ തിത്തു എന്ന പേരുള്ള പക്ഷിക്ക് നിറയെ ധാന്യങ്ങൾ ഉള്ള ഒരു സ്ഥലം കണ്ടുപിടിക്കാൻ കഴിഞ്ഞു. പട്ടണത്തിലേക്ക് ധാന്യങ്ങൾ കൊണ്ടുപോകുന്ന കാളവണ്ടിയിൽ നിന്നു വീണതാണ് അവ. അവൻ വയറു നിറയെ അത് കഴിച്ചു. എന്നിട്ട് തിരിച്ച് പക്ഷിക്കൂട്ടത്തിൽ എത്തിയിട്ട് പറഞ്ഞു. നേതാവേ ഞാൻ പോയ ആ സ്ഥലത്തേക്ക് നിങ്ങൾ ആരും തന്നെ പോകരുത് .അതുവഴിയാണ് കാളവണ്ടികൾ പോകുന്നത് ഇന്ന് തലനാരിഴയ്ക്കാണ് ഞാൻ രക്ഷപ്പെട്ടത് . ഇതും പറഞ്ഞ് അവൻ തന്റെ കൂട്ടിലേക്ക് പോയി. പിറ്റേന്ന് മുതൽ അവൻ ആ സ്ഥലത്ത് പോയി ധാന്യങ്ങൾ കഴിക്കാൻ തുടങ്ങി. മറ്റു പക്ഷികൾ ഭക്ഷണം കിട്ടാതെ സങ്കടത്തോടെ വന്ന് കൂട്ടിൽ

കയറുമ്പോൾ ഇവൻ മാത്രം നല്ല സന്തോഷത്തോടെ വരും . ഇത് അങ്ങനെ തന്നെ തുടർന്ന് കൊണ്ടേയിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം തിത്തു തറയിൽ നിന്ന് ധാന്യങ്ങൾ കഴിച്ച് കൊണ്ടുനിൽക്കുകയായിരുന്നു. അപ്പോഴാണ് ആ വഴി ഒരു കാളവണ്ടി വന്നത് .കഴിച്ച് കൊണ്ട് നിൽക്കുകയായത് കൊണ്ട് അവൻ അത് ശ്രദ്ധിച്ചില്ല. ആ കാളവണ്ടി അതിവേഗം അവന്റെ അടുത്ത് എത്തി. അവന് മാറാൻ പോലും കഴിഞ്ഞില്ല. കാളവണ്ടിയുടെ ചക്രങ്ങൾ അവന്റെ ദേഹത്ത് കൂടി കയറിയിറങ്ങി. അങ്ങനെ അവൻ മരണമടഞ്ഞു . ഇതെല്ലാം പക്ഷികളുടെ നേതാവ് കാണുന്നുണ്ടായിരുന്നു. തിത്തുവിന്റെ പെരുമാറ്റം കണ്ടിട്ടാണ് നേതാവ് അവന്റെ പിറകെ വന്നത് . അപ്പോഴാണ് നേതാവിന് ഒരു കാര്യം മനസ്സിലായത് ഇത് കണ്ട നേതാവ് മനസ്സിൽ പറഞ്ഞു **കഷ്ടം അവന്റെ അത്യാഗ്രഹം അവനെ ആപത്തിൽ എത്തിച്ചു.**

**–ഗോപിക കെ എസ്**





# ജീവിതം

ജീവിതം ഒരു കളി വണ്ടിയാണ്
അത് ഓടും നിൽക്കും
ജീവിതത്തിൽ പല വീഴ്ചകൾ വരുമത്
നേരിടേണം നേരിട്ട് മുന്നേറണം
ചിലർ വീണാൽ പിന്നെ
എഴുന്നേൽക്കുകയില്ല
അതോടെ അവരുടെ വണ്ടി നിൽക്കും
വീണവരിൽ ചിലർ എഴുന്നേൽക്കും
അവർ പിന്നെ വീഴുകയില്ല
ആത്മവിശ്വാസത്തോടെ മുന്നേറും
പക്ഷേ അവരുടെ വണ്ടിയും
ഒരു നാൾ നിൽക്കും.

–ഐശ്വര്യ സി



# നിലാപ്രഭ



കാലം ദർശിച്ച രസാനുഭൂതികളായി
ബാല്യം സൃഷ്ടിച്ച കാവ്യാനുഭൂതികൾ
അന്നാ രാപ്പാടി പാടിയ പാട്ടിൻ
ഈണം കാതോർത്തിരിക്കവേ
അറിഞ്ഞില്ല ഞാനാ രാവിൻ
മണി മന്ത്രം
രജനി വാർമതിയിൽ വജ്ര പ്രഭയാൽ
മുങ്ങിക്കുളിക്കവേ നിന്നാഴകംബികേ
ഞാനറിഞ്ഞന്നാദ്യമായി
മണിദ്വീപമൊന്നൊന്നായണിഞ്ഞിരിക്കവേ
വൈര്യക്കുറി അണിഞ്ഞ സ്വർണ്ണത്താരകം
വിണ്ണിൽ നിന്നിങ്ങകലേ മണ്ണിലേക്ക്
കൺചിമ്മവേ മാനത്തിന്റെ വെള്ളിത്തേരായി
ഞാനും .......................

**–അഞ്ജലി ആർ**



# മലയാളഭാഷ



അമ്മതൻ മാധുര്യം തുളുമ്പുന്ന ഭാഷ
നന്മതൻ ഭാഷ മലയാളഭാഷ.

തുഞ്ചന്റെ തത്ത ചൊല്ലിയ ഭാഷ
മൊഞ്ചുള്ള ഭാഷ മലയാളഭാഷ

ആശാനും ഉള്ളൂരുമൊരുമിച്ച ചൊല്ലി
അലങ്കൃതമാക്കിയ മലയാളഭാഷ

അത്രമേൽ സ്നേഹിപ്പൂ ഞാനെൻ ഭാഷയെ
വിദ്യ പകർന്നിടും മലയാളഭാഷയെ......

– ഹിമ എസ്



# ശലഭഗീതം



മഴനിലാവിന്റെ നെറുകയിൽ തലോടി
മനസ്സിലൊരായിരം കനവുനൽകി
കസവിന്റ തളിരണിഞ്ഞ പൂന്തോപ്പ–
ങ്ങകലേ  മലമേട്ടിലെ  ഒരു പാവം
പെൺപൂവ്............
അവളൊരു തുമിന്നലായെൻ മുന്നിൽ
പെയ്തിറങ്ങവേ
മിഴിയൊരു നീർത്തുള്ളിയായി
എന്നുള്ളിൽ  ചേർന്നലിയുമോ?
കരിമിഴിയിൽ ഒരു മൊഴിയായി
ഇടനെഞ്ചിലെ ചുടുസ്വരമായി
വിണ്ണിൻമേലെ പാറുംനേരം
ഒരു പൂവായി ഞാനും...........

–ആസിയ മർജാന



# സല്ലാപം



കാവിൻ കളിയൂഞ്ഞാലാടവേ
കുയിലുകൾ മൂകമാം മന്ത്രിച്ചീടുന്നു
ആദ്യമായെൻ കവിളിലോരൊ
ക്കുവളം ചൊല്ലിയ  സല്ലാപത്തിൻ
മണിക്കിലുക്കം അലകളായെൻ
നെഞ്ചിൽ തഞ്ചി കൊഞ്ചീടുന്നു

കണ്ണിൽ തീനാളമായി
കാതിൽ തേനലയായി
ഇടനെഞ്ചിൻ ചുടുശ്വാസമായി

അന്നു നീചൊല്ലിയ വാർത്തയെന്നിൽ
മഞ്ഞിൻ മധുപാളിപോലെ
വിണ്ണിൻ   മുത്തുനാളമായ്
പകൽ പക്ഷി പാടുന്നു.

–അഞ്ജന വി പിള്ള



# ENGLISH SECTION




# FAILURE IS THE STEPPING STONE TO SUCCESS

Every job has to be accomplished with great effort. Achieving success is not an easy task. But at times, inspite of efforts,we face failure .Then we feel depressed, discouraged,disappointed and feel as if the world is coming to an end .But that should not be our attitude towards failure .We must always have the courage to accept failure in positive way .We should now how to make up for our loss by balancing it with gains. One failure does not mean that we are incapable of winning .Failure paves way for success; but it depends on the degree of optimism so, it is in our hands. Turn our failure into success and enjoy the gifts of hard work . Let our motto be,"TRY, TRY, NEVER SAY DIE". Let's have this in mind and work for a better future.

– Anakha S



# I am not alone




The cold wind blew
It's time for winter
When the doorbell ring
I ran to door
But there was no one,

When I slept on the bed
I heard a noise,
I looked through the window
But there was no one for me



എൻ.എസ്സ്.എസ്സ്
ജി.എച്ച്.എസ്സ്.
പന്തളം

But I believe

I am not alone

Not at all alone

But God is with me

–Divya Rajendran



# ANGELS THAT I COULD SEE




When the flower blooms in the morning
I can see the face of my friend in it
who smiles at me
and shares her happiness to me.

When I become sad I will bend my head
on her shoulders
Who makes me happy by dong any things,
Friends, they have the magical power of angles
who can make us happy

I can see an aura of light around my friend's head,
Which is a symbol of angles
Who can sing beautiful songs
to make everyone happy
When the flower blooms in the morning
I can see the face of my friend in it

എൻ.എസ്സ്.എസ്സ്
ജി.എച്ച്.എസ്സ്.
പന്തളം

who smiles at me
and shares her happiness to me.

When I become sad I will bend my head on her shoulders
Who makes me happy by dong any things,
Friends, they have the magical power of angles
who can make us happy

I can see an aura of light around my friend's head,
Which is a symbol of angles
Who can sing beautiful songs
to make everyone happy
My friend is also like one of those angles,
Who makes me happy by her beautiful songs.

-Pratheeksha S Pillai



# My dream for a pet cat



I have a great desire for a pet cat. She will be called by the name "LEO"....... So sweet name!! Is it so?

I enjoy watching small, round - shaped cats with long hairs.

I think they are Persian cats. They have soft fur with small green round eyes. They have cute smiles.

In my dreams my pet says meow and comes near me and touches my body with long tail. When I go out I can see cats nap in the morning and other times want to play and be loved.

I remember when I was in Dubai a cat from the neighbourhood accidentally entered my house and we didn't know whose was the cat. So we kept her at home and gave her food. I observed her actions. She didn't eat much as she was missing her master. When I was sleeping at night I heard a small voice and opened my eyes and saw the cat with green eyes

staring at me besides my bed. That night I enjoyed a lot watching the cat. She was very naughty but was very neat and clean and next day we gave her back to her master. From that day I wish I would also have a pet cat.

–Binya Binu



# SONG OF RAIN

I am dotted silver threads dropped from heaven
By the gods. Nature then takes me ,to adorn
Her fields and valleys.



I am beautiful pearls, plucked from the
Crown of Ishtar  by the daughter of dawn
To embellish the garden

when I cry, the hills laugh;
when I humble myself, the flowers rejoice;
when I  all things are elated

the field and the cloud are lovers
and between them I am a messenger of mercy
I quench the thirst of one;
I cure the ailment of the other.

The voice of thunder declares my arrival;
 The rainbow announces my departure.
I am like earthly life, which begins at
The feet of the mad elements and ends
Under the upraised wing of death.

I emerge from the heart of the sea
soar with the breeze. When I see a field in

Need , I descent and embrace the flowers and
The trees in a million little ways ,
I touch gently at the windows with my

Soft fingers,and my announcement is a
Welcome song. All can here, but only
The sensitive can understand.

The hearth in the air gives birth to me,
But in turn I kill it,
As women overcomes man with
The strength she takes from him.

I am the sigh of the sea;
The laughter of the field;
The tears of heaven

So with love
sighs  from the deep sea of affection;
Laughter from the colourful field of spirit;
Tears from the endless heaven of memories .

-Anjitha A.R.



# FOR A DROP OF LOVE



I used to see her,
She lives beneath the bridge
She looks helpless and
Don't know what to do.
Oh god! Why are you so cruel sometimes?
Why did you let it happen to a small girl?
Where are they? Her parents?

She wears a worn out jersey
She has brown skin,
Has tangled hair and
Mourns every day.
Oh god! She is only five
Why life is so cruel to her?

What sin did she do?
Why is she left alone?

But why? She is so small
And don't know what sin is.
Abandoned by the world,
She is sobbing every day,

Every hour, every minute, every second.
She is begging for love,
Striving for a piece for bread,
Left alone in wilderness.

Her eyes twinkle
When she is so grateful,
When people look at her.
She looks mercily on others
For love, for her parents.

Why fate has dragged her
To this hell?
Why fate made her alone?

She is wandering in wilderness

Oh life! Shower your mercy on her.

There are no tears left

In her small eyes

There is sound in her throat

All she have is a skinny body

As her asset.

–Megha M.S.



# MY TEACHER




She taught me
how to say
She taught me
how to write
She taught me
how to win
She taught me
how to get first
She taught me
how to believe in me
She showered me
the bright light
She is the magical key
of my treasure box
Who is she?
She is My teacher .

–Ashina Asharaf



എൻ.എസ്സ്.എസ്സ്
ജി.എച്ച്.എസ്സ്.
പന്തളം

# DADDY'S LITTLE GIRL



I've only been your little girl
for just a little while
I can't speak the words "I Love you"
So I say them with my smile
Right now I feel the safest
When your strong arms hold me tight
When you cuddle me so gentle
As I fall asleep at night
When I grow up and fall in love
I know this much is true
The place in my heart he 'll never touch
Is the part I gave to you.

-Shivapriya A





# SNOW BALL

I Made myself a snow ball
As perfect as could be.
I thought I'd keep it as a pet
And let it sleep with me.
I made it some pajamas
And a pillow for its head
Then last night it ran away,
But first it wet the bed.

-Reshma A.R.



# My Mother



You brightened up my life,
With tender love and care
When I reach out
You're always there
You're such a good example
Of what mother should be
We always get along so well,
Even when we disagree,
You're so patient,
And understanding
You're simply outstanding
You have a good heart
You're the best mother
And I really love you mother.

–Shahana S



# MY BEAUTIFUL WORLD



I am thankful for the sunshine bright
for rain and for stars at night.
I am thankful for each flower and tree
And all the beauty that I see

I am grateful for singing birds,
And for my mother's gentle words
I am grateful for friends kind and true;
help me to be a good friend,too

-Shajna Shajahan



# THE RAINBOW

BOATS SAIL ON THE RIVER,
AND SHIPS SAIL ON THE SEAS;
BUT CLOUDS THAT SAIL ACROSS THE SKY
ARE PRETTIER THAN THESE.
THERE ARE BRIDGES ON THE RIVERS,
AS PRETTY AS YOU PLEASE;
BUT THE BOW THAT BRIDGES HEAVEN,
AND OVER TOPS THE TREES,
AND BUILDS A ROAD FROM EARTH TO SKY,
IS PRETTIER FAR THAN THESE

-Aleena A





# JACK AND THE ANGEL

Jack Was a very naughty boy. His main hobby was killing every insect which he came across. Not an insect was left without hampered or tampered when it chanced to fall in his site.

One day, jack saw a dream. In it, he was sitting under a tree, and killing the ants which where going in a row. Suddenly an Angel appeared before him , and she made him to the size of tiny fly. He looked around to see his friends any where near but he could not see any one he was standing some where in the jungle midst of tiny grass every grass seemed to him a large tree.

Jack's friends so him, and they threw  sand at him. The tiny grins fell on him and made an impact same to that of large rocks. He thought of the pain which was inflicted by him on the tiny creatures.

So thinking he was greatly worried in his doings .

Jack heard a long cry somewhere from the jungle of grass. He walked to the direction of the sound to see a honey-bee being attacked by a spider. He took a thorn and with it, he attacked the spider. In the great flight, he won in the end. But, he was bruised all over, and tried of a severe combat. He fell down on the ground on totally exhausted.

The poor bee lifted him, and flew its abode. It lay him on the petals on the flower and applied sweet honey on his wound. Soon, his bruises were cured , and he could stand up  from his soothing soft and cause bed. Suddenly, his legs slipped slightly, and he began to fall down from the flower. In fear, he yelled out.

Jack woke up from his sleep, and found everything was only a dream. But, he learnt a great lesson from

the dream. Never again torture any creature whether it was large or small,in his life.

-Aiswarya R



# A TRUE FRIEND



If there is someone with whom
You can share all your worries
If there is someone who come
To your help when you face any problems
If there is someone who does
Anything to get your smile back
If there is someone who makes
You laugh until your stomach ache
If there is someone who points out
The mistakes of you do
If there is someone who cannot
See the pain in your eyes
If there is someone who makes
You realize what your strengths really are
If there is someone who offers you a shoulder

To hang on when you are worried

Then you are really blessed with someone dear

Whom we call by = True Friend

-Arunima R



# BOOKS

What worlds of wonder are our books!
As one opens them and looks,
New ideas and people rise
In our fancies and our eyes.
The room we sit in melts away
And we find ourselves at play
With some one who, before the end
may become our chosen friend.
Or we sail  along the page
To some other land or age,
here's our body in the chair,
But our mind is over there.
Each book is a magic box
which with a touch a unlocks.
In between their outside covers
Books hold all things for their lovers.

–Anjali A



# REALITY OF LIFE

Its raining raining every where
How nice to see!
That we enjoy nice things,
With a happy mind.
Oh thunder is coming ,
With a screaming sound!
The lighting as a companion,
With a shocking light!
Worse things always come as groups
Oh nice to see the sky again!
With the painting of the rainbow!

– Parvathy Vinod





# FOR MY FRIEND

I have so little to give you
Not in silver or gold
But  a present you need to receive
That cannot be bought or sold
A gift that will always remain with you
It's my friendship and heart .
A smile for you when me meet,
Tears in my eyes when we depart
A hand to hold when you are sad
A song to inspire when you are glad,
A push when you are stopped
A word of solace, when you are depressed
My company in joy and sorrow
My love today, my love tomorrow
My love forever....

-Athira Aji Kumar



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# നന്ദിപൂർവ്വം.....

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

## എൻ.എസ്സ്.എസ്സ്.ജി.എച്ച്.എസ്സ് പന്തളം



shutterstock.com • 1254683749